**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **10.03.2020 ൽ**
**നിയമസഭാ ചോദ്യം നമ്പർ : T1710** **മറുപടിക്ക്**

# സിംസ് പദ്ധതിയുടെ കരാറിന്റെ പ്രീക്വാളിഫിക്കേഷൻ വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീമതി. ഷാനിമോൾ ഉസ്മാൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസും കെൽട്രോണും സംയുക്തമായി നടത്തുന്ന സിംസ് പദ്ധതിയുടെ കരാറിന്റെ ടെൻഡർ നടപടികളുടെ പ്രീക്വാളിഫിക്കേഷൻ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു; | എ) പങ്കെടുക്കുന്ന സ്ഥാപനത്തിന് ഇന്ത്യയിൽ രജിസ്ട്രേഷനും GST രജിസ്ട്രേഷനും ഉണ്ടായിരിക്കണം. പങ്കെടുക്കുന്ന സ്ഥാപനത്തിനെയോ അവരുടെ ഉൽപ്പന്നങ്ങളെയോ ഏതെങ്കിലും സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാകരുത്. പങ്കെടുക്കുന്ന സ്ഥാപനത്തിനെയോ അവരുടെ പങ്കാളിക്കോ ചുരുങ്ങിയ പക്ഷം ഇന്ത്യയിൽ ഒരു സംസ്ഥാനത്തോ അല്ലെങ്കിൽ ഏതെങ്കിലും രാജ്യത്തോ ചുരുങ്ങിയത് മൂന്നു വർഷം സിംസിന്റെ ഇംപ്ലിമെന്റേഷൻ, ഓപ്പറേഷൻ, മെയിന്റനൻസ് തുടങ്ങിയവ നടപ്പിലാക്കിയതിന്റെ പ്രവർത്തിപരിചയം ഉണ്ടായിരിക്കണം. |
| ബി) ടെൻഡർ നടപടികളിൽ പങ്കെടുത്ത കമ്പനികളുടെ വിശദാംശങ്ങളും ഗാലക്സോൺ എന്ന കമ്പനിയെ തെരഞ്ഞെടുക്കാനുള്ള കാരണവും വിശദമാക്കാമോ? | ബി) ഗാലക്സോൺ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, മീഡിയാട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ടെൻഡറിൽ പങ്കെടുത്തത്. ഗാലക്സോൺ സ്ഥാപനം lowest bidder ആയിരുന്നതിനാലാണ് തെരഞ്ഞെടുത്തത്. |

സെക്ഷൻ ഓഫീസർ